# മലങ്കര മാർത്തോമ്മാ സുറിയാനി സഭ
# ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനം
**2024 ഒക്ടോബർ 27 ഞായർ**

## <u>ആരാധന ക്രമം</u>

**(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നത്)**

*യഹോവയെ സ്തുതിപ്പിൻ, യഹോവയെ സ്തുതിപ്പിൻ;*
*നമ്മുടെ ദൈവത്തിന് കീർത്തനം പാടുന്നത് നല്ലത്;*
*അതു മനോഹരവും സ്തുതി ഉചിതവും തന്നെ*
*(സങ്കീർത്തനങ്ങൾ 147: 1)*

**പാട്ട്**

**കൗമ്മാ**

### പ്രാരംഭ പ്രാർത്ഥന

പ്രപഞ്ചത്തിന്റെ ഉടയവനും സകല ജീവജാലങ്ങളുടെയും പരിപാലകനുമായ ദൈവമേ, ദൈവത്തിന്റെ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും ഛായയിലും മനുഷ്യരെ സൃഷ്ടിച്ച് കുടുംബ ജീവിതം പ്രദാനം ചെയ്തതിനായ് ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ദൈവത്തിന്റെ മനസ്സിലും ഇച്ഛയിലും രൂപപ്പെട്ട ദൈവിക സ്ഥാപനമായ കുടുംബത്തിലൂടെ ഞങ്ങൾ അനുഭവിക്കുന്ന സന്തോഷത്തിന്റെ, സ്നേഹത്തിന്റെ, കരുതലിന്റെ, കൂട്ടായ്മയുടെ, പങ്കിടലിന്റെ, അനുഭവങ്ങൾക്കായി ഞങ്ങൾ നന്ദി കരേറ്റുന്നു. ക്രിസ്തീയ കുടുംബ പ്രതിഷ്ഠാ ദിനമായി ഈ ദിവസം വേർതിരിക്കാനും, ആഘോഷിക്കുവാനും ദൈവം ഞങ്ങൾക്ക് നൽകിയ ആയുസ്സിനും, ആരോഗ്യത്തിനും അവസരത്തിനും ഞങ്ങൾ നിന്നെ മഹത്വപ്പെടുത്തുന്നു. കുടുംബത്തെക്കുറിച്ചുള്ള ദൈവിക ഉദ്ദേശ്യം ആഴമായി തിരിച്ചറിയുന്നതിനും, അതനുസരിച്ച് കുടുംബ ബന്ധങ്ങളെ അർത്ഥപൂർണ്ണമാക്കുന്നതിനും ക്രിസ്തുയേശുവിന്റെ അതേ ഭാവം ഉൾക്കൊണ്ട് സഭയിലും സമൂഹ

ത്തിലും രാഷ്ട്രത്തിലും ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നതിനും ഇന്നത്തെ ഞങ്ങളുടെ കൂടിവരവും, ആരാധനയും തിരുവചന ധ്യാനവും ഞങ്ങളെ പ്രചോദിപ്പിക്കണമേ. യേശുക്രിസ്തുവിന്റെ നാമ ത്തിൽ തന്നെ ആമേൻ.

## അനുതാപ പ്രാർത്ഥന

**പ്രതിവാക്യം** : *ഞങ്ങളോട് ക്ഷമിക്കണമേ.*

1. ഞങ്ങളുടെ കുടുംബ ജീവിതങ്ങളിൽ സന്താപത്തിന്റെയും രോഗത്തി ന്റെയും ദുഃഖത്തിന്റെയും ദാരിദ്ര്യത്തിന്റെയും പ്രതിസന്ധികളുടെയും വേർപാടുകളുടെയും അനുഭവങ്ങളിൽ കർത്താവ് കൂടെയുണ്ട് എന്നും കർത്താവിന്റെ കൃപ ഞങ്ങൾക്ക് മതിയാകുന്നു എന്ന ആഴമായ വിശ്വാസ മില്ലാതെ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്ന കുറവുകളെ കർത്താവേ.....

2. നിർവ്യാജ സ്നേഹത്തിന്റെ ഇടമാകേണ്ട കുടുംബത്തിൽ മുതിർ ന്നവർ കരുതപ്പെടുകയും, ജീവിതപങ്കാളികൾ അംഗീകരിക്ക പ്പെടുകയും യൗവ്വനക്കാർ ശ്രദ്ധിക്കപ്പെടുകയും കുഞ്ഞുങ്ങൾ സ്നേഹിക്കപ്പെടുകയും ചെയ്യുന്നതിൽ വന്നുപോയ കുറവുകളെ കർത്താവേ.....

3. നന്മയിൽനിന്ന് ഞങ്ങളുടെ ഹൃദയങ്ങളെ അകറ്റുകയും ദൈവ രാജ്യമൂല്യങ്ങളെ കാണ്മാൻ കഴിയാതെവിധം ഞങ്ങളുടെ കണ്ണുകളെ അന്ധതപ്പെടുത്തുകയും ചെയ്യുന്ന ലോകമയത്വത്തിന്റെ ചിന്തകളെയും ജഡമോഹങ്ങളെയും കർത്താവേ.....

## സ്തോത്ര പ്രാർത്ഥന

**പ്രതിവാക്യം :** *ഞങ്ങൾ നിന്നെ സ്തുതിക്കുന്നു*

1. ഞങ്ങൾക്ക് സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ശുശ്രൂഷി ക്കുവാനും ശുശ്രൂഷിക്കപ്പെടുവാനും മാതാപിതാക്കളെയും സഹോ ദരങ്ങളെയും ജീവിതപങ്കാളികളെയും മക്കളെയും ചാർച്ചക്കാരെയും അയൽക്കാരെയും സ്നേഹിതരെയും നൽകി അനുഗ്രഹിച്ചിരിക്കു ന്നതിനായി കർത്താവേ.....

2. സഹവർത്തിത്വത്തിൽ, പരസ്പര പൂരകങ്ങളായി ഒരുമിച്ച് പാർക്കുന്ന സാമൂഹ്യ ജീവിതത്തിന്റെ ആദ്യപാഠങ്ങൾ ഞങ്ങൾക്ക് പകർന്നു നൽകുന്ന കുടുംബങ്ങൾക്കായി കർത്താവേ.....

3. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരെല്ലാം എന്റെ അമ്മയും സഹോദരങ്ങളുമാണെന്ന യേശുവിന്റെ വിശാല കുടുംബ ദർശനത്തിനായും ആരെയും മാറ്റി നിർത്താതെ രക്തബന്ധങ്ങൾക്ക് അതീതമായി എല്ലാവരെയും ചേർത്തു നിർത്താൻ ഞങ്ങൾക്ക് ലഭിക്കുന്ന ദൈവവചന ആഹ്വാനത്തിനുമായി കർത്താവേ....

## മദ്ധ്യസ്ഥ പ്രാർത്ഥന

''ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കയത്രേ വേണ്ടത്. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും'' (ഫിലിപ്പ്യർ 4:6-7)

1. ഭൂമിയിലുള്ള എല്ലാ കുടുംബങ്ങൾക്കായും വാർദ്ധക്യത്തിൽ ആയിരിക്കുന്ന ദമ്പതികൾക്കായും രോഗാവസ്ഥയിലായിരിക്കുന്നവരുടെ സൗഖ്യത്തിനായും അവിവാഹിത ജീവിതം തെരഞ്ഞെടുത്തവർ, തലമുറകൾ ഇല്ലാതെ ഭാരപ്പെടുന്ന ദമ്പതിമാർ, തക്ക ജീവിത പങ്കാളികളെ ലഭിക്കാതെ ഭാരപ്പെടുന്ന യുവതിയുവാക്കൾ, ദാമ്പത്യജീവിതത്തിലെ വിഷമതകൾ മൂലം ഏകരായി പാർക്കുന്നവർ, മാതാപിതാക്കളിൽ നിന്നു വേർപെട്ട് കഴിയുന്ന കുഞ്ഞുങ്ങൾ എന്നിവർക്കായും പ്രാർത്ഥിക്കാം.

2. ''ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടുക്കരുത്, സ്വർഗ്ഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ'' എന്ന് അരുളിച്ചെയ്ത കർത്താവേ, പീഢിപ്പിക്കപ്പെടുകയും ചൂഷണത്തിന് വിധേയമാക്കപ്പെടുകയും ചെയ്യുന്ന കുഞ്ഞുങ്ങൾ, ചെറുപ്രായത്തിൽ ത്തന്നെ വിവിധ തൊഴിലുകളിൽ ഏർപ്പെടേണ്ടിവരുന്ന ബാലികാബാലന്മാർ, എന്നിങ്ങനെ വ്യത്യസ്തമായ വിധത്തിൽ പ്രയാസം അനുഭവിക്കേണ്ടിവരുന്ന എല്ലാ കുഞ്ഞുങ്ങൾക്കായും പ്രാർത്ഥിക്കാം.

3. വിവിധ മന്ദിരങ്ങളിൽ പാർക്കുന്ന കുഞ്ഞുങ്ങൾ, ജീറിയാട്രിക് കെയർ ഹോമുകളിൽ താമസിക്കുന്ന വൃദ്ധ മാതാപിതാക്കൾ എന്നിവർക്കായും അവരെ ശുശ്രൂഷിക്കുന്നവർക്കായും സ്ഥാപനങ്ങൾക്കായും അർത്ഥപൂർണ്ണമായ കുടുംബ ജീവിതത്തിന് മാർഗ്ഗ നിർദ്ദേശം നൽകുന്ന ഫാമിലി കൗൺസിലർമാർക്കായും കൗൺസിലിംഗ്

സെന്ററുകൾക്കായും വിവിധ ആസക്തികൾക്ക് വിധേയപ്പെട്ട് കഴിയുന്നവരെ ചികിത്സിക്കുന്ന ഡീ അഡിക്ഷൻ സെന്ററുകൾക്കായും പ്രവർത്തകർക്കായും പ്രാർത്ഥിക്കാം.

## സമർപ്പണ പ്രാർത്ഥന

നിത്യനായ ദൈവമേ, ഞങ്ങൾക്ക് നൽകിയിരിക്കുന്ന കുടുംബ ജീവിതത്തിനായി സ്തോത്രം. ദൈവയിഷ്ടം നിറവേറുന്ന കുടുംബങ്ങൾ ആയിരിപ്പാൻ ഞങ്ങളെ ദൈവകരങ്ങളിൽ സമർപ്പിക്കുന്നു. ദൈവവചന ധ്യാനത്തിലും പഠനത്തിലും കുടുംബ പ്രാർത്ഥനയിലും ജാഗ്രതയുള്ളവരാകാൻ ഞങ്ങളെ പ്രാപ്തരാക്കണമേ. ഞങ്ങൾ അന്യോന്യം സ്നേഹിക്കുന്നവരും കരുതുന്നവരും മറ്റുള്ളവരെ ആദരിക്കുന്നവരും ആയിരിപ്പാൻ കൃപയരുളണമേ. സത്യമായതൊക്കെയും ഘനമായതൊക്കെയും നീതിയായതൊക്കെയും സൽകീർത്തിയായതൊക്കെയും സൽഗുണമോ പുകഴ്ചയോ അതൊക്കെയും ഞങ്ങളുടെ ജീവിതങ്ങളിൽ പാലിക്കപ്പെടാൻ ഞങ്ങളെ സമ്പൂർണ്ണമായി സമർപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ ആമേൻ.